ഗവൺമെന്റ് മാനസികാരോഗ്യ കേന്ദ്രം, കോഴിക്കോട്
കുതിരവട്ടം പി.ഒ. കോഴിക്കോട് - 673016
ഫോൺ :- 04952741386 ഇ- മെയിൽ: gmhckkd@gmail.com

നം.ജി/6326/2024

തിയ്യതി: 14.11..2024

പുനഃദർഘാസ് /ലേല പരസ്യം

കോഴിക്കോട് സർക്കാർ മാനസികാരോഗ്യ കേന്ദ്രം ആശുപത്രി വികസന സൊസൈററിയുടെ കീഴിൽ സ്ററാഫ് കാന്റീൻ കരാറടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് **(2024 ഡിസംബർ ഒന്നു മുതൽ ഒരു വർഷത്തേയ്ക്ക്)** നടത്തുന്നതിന് പരിചയ സമ്പന്നരായ കരാറുകാരിൽനിന്നും മുദ്രവച്ച **ദർഘാസുകൾ** ക്ഷണിച്ചുകൊള്ളുന്നു.

| | |
|---|---|
| ദർഘാസ് നമ്പറും തിയതിയും | : ജി/6326/2024 തിയതി 14.11.2024 |
| ദർഘാസ് സ്വീകരിക്കുന്ന അവസാന തിയതി | : 27.11.2024 വൈകുന്നേരം 3 മണി വരെ |
| ദർഘാസ് തുറക്കുന്ന തിയതി | : 28.11.2024 ന് 12.00 ഉച്ചയ്ക്ക് |
| നിരതദ്രവ്യം | : 2000 രൂപ (രണ്ടായിരം രൂപ മാത്രം) |

ദർഘാസ് ഫോറം ലഭിക്കുന്നതിനും
അയച്ചുകൊടുക്കേണ്ടതുമായ
ഉദ്യോഗസ്ഥന്റെ മേൽവിലാസം: സെക്രട്ടറി, ആശുപത്രി വികസന കമ്മിറ്റി,
ഗവ. മാനസികാരോഗ്യ കേന്ദ്രം, കോഴിക്കോട്.

കൂടുതൽ വിവരങ്ങൾ ഓഫീസ് പ്രവർത്തി സമയത്ത് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

Bindu

സൂപ്രണ്ട്.

Superintendent
Govt. Mental Health Centre
Kozhikode-16

Copy to:
1. The Superintendent, W & C Hospital, Kozhikode.
2. The Superintendent, Govt. General Hospital, Kozhikode.
3. The Superintendent, THQH, Quilandy.
4. The Secretary, Kozhikode Corporation, Kozhikode.
5. The Tahsildar, Taluk Office, Kozhikode.
6. Notice Board/SF

GOVT. MENTAL HEALTH CENTRE
ഗവ. മാനസികാരോഗ്യ കേന്ദ്രം

**ഗവൺമെന്റ് മാനസികാരോഗ്യ കേന്ദ്രം, കോഴിക്കോട്**
**കുതിരവട്ടം പി.ഒ. കോഴിക്കോട് - 673016**
**ഫോൺ :- 04952741386 ഇ- മെയിൽ:** gmhckkd@gmail.com


നം.ജി/6326/2024 തിയ്യതി: 14.11.2024

*പുനഃദർഘാസ് /ലേല പരസ്യം*

കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രം ആശുപത്രി വികസന കമ്മിറ്റിയുടെ കീഴിൽ സ്റ്റാഫ് കാന്റീൻ കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്ക് നടത്തുന്നത് സംബന്ധിച്ച അവകാശത്തിനായി താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പരിചയ സമ്പന്നരായ കരാറുകാരിൽ നിന്നും മുദ്രവെച്ച ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു. കൂടാതെ ഇത് സംബന്ധിച്ച പരസ്യ ലേലവും ഉണ്ടായിരിക്കുന്നതാണ്.

1. കാന്റീൻ നടത്തുവാനുള്ള കാലാവധി *2024 ഡിസംബർ ഒന്നു മുതൽ ഒരു* വർഷത്തേയ്ക്കായിരിക്കും.
2. സ്റ്റാഫ് കാന്റീൻ ബിൽഡിംഗ് ഉപയോഗിക്കുവാനുള്ള അവകാശം താഴെ കാണിക്കുന്ന നിബന്ധനകൾക്കും ആശുപത്രി വികസന കമ്മിറ്റിയും കേരള സർക്കാരും കാലാകാലങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾക്കും നിയമ നടപടി ചട്ടങ്ങൾക്കും വിധേയമായിരിക്കും.

2(എ) ദർഘാസ് ഫോറത്തിന്റെ വിലയും 18% ജി.എസ്.ടി.യും ഓഫീസിൽ നേരിട്ട് അടച്ചശേഷം ടെണ്ടർ ഫോറത്തിനുള്ള അപേക്ഷയും സഹിതം ഹാജാരാകുന്നവർക്ക് താഴെ വിവരിക്കുന്ന മറ്റു നിബന്ധനകൾക്കും വിധേയമായി ദർഘാസ് ഫോറങ്ങൾ നല്കുന്നതാണ്.

3. ദർഘാസ് ഫോറം ആവശ്യമുള്ളവർ അപേക്ഷയോടൊപ്പം അപേക്ഷകന്റെ ഉടമസ്ഥതയിലുള്ള ഭൂനികുതി രസീതി അസ്സൽ, ഹോട്ടലുകൾ നടത്തി അഞ്ചു വർഷത്തിൽ കുറയാത്ത പ്രവർത്തി പരിചയമുള്ള കോർപ്പറേഷൻ/ മുൻസിപ്പാലിറ്റിയിൽ നിന്ന് ലഭിച്ച സർട്ടിഫിക്കറ്റും സമർപ്പിക്കേണ്ടതാണ്. മേൽ പറഞ്ഞ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്തവരുടെ ദർഘാസ് ഫോറം യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
4. ദർഘാസ് സമർപ്പിക്കുന്നവർ ദർഘാസിനോടൊപ്പം നിരത ദ്രവ്യമായി 2000/- രൂപയുടെ ബാങ്ക് ഡ്രാഫ്റ്റ് SUPERINTENDENT, HOSPITAL DEVELOPMENT COMMITTEE, GOVT. MENTAL HEALTH CENTRE, KOZHIKODE ന്റെ പേരിൽ എടുത്ത് അടക്കം ചെയ്തിരിക്കണം. അല്ലാത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. ദർഘാസ് ഫോറവും ഡി.ഡി.യും മറ്റു നിബന്ധനകളും പാലിച്ച് സമർപ്പിക്കുന്നവരെ മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളു.
5. ദർഘാസ് ഫോറത്തിൽ ***2024 ഡിസംബർ ഒന്നു മുതൽ ഒരു*** വർഷ കാലയളവിൽ പ്രതിമാസം ......... വാടക നൽകികൊണ്ട് ആശുപത്രി സൂപ്രണ്ട് / സർക്കാർ/ എച്ച്.ഡി.സി. നിബന്ധനകൾക്കനുസൃതമായി കാന്റീൻ നടത്തുവാൻ തയ്യാറാണെന്ന് കാണിച്ച് പേരുവെച്ച് വ്യക്തമായി എഴുതിയിരിക്കണം.

(എ) ദർഘാസ് ഫോറത്തിന്റെ വില അസ്സലിന് 400/- രൂപ + ജി.എസ്.ടി. 18%, പകർപ്പിന് 200/- രൂപ + ജി.എസ്.റ്റി.18 %

(ബി) ദർഘാസ് ഫോറം 15.11.2024 **മുതൽ 26.11.2024** രാവിലെ 10.15 മുതൽ 3 മണിവരെ പ്രവർത്തി ദിവസങ്ങളിൽ ആശുപത്രി ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

(സി) നിബന്ധനകൾ എല്ലാം പാലിച്ച് സമർപ്പിക്കപ്പെടുന്ന ദർഘാസുകൾ 27.11.2024 വൈകുന്നേരം 3 മണിവരെ സ്വീകരിക്കുന്നതാണ്. 28.11.2024 ന് ലേലം നടത്തുകയും അതിനുശേഷം ദർഘാസുകൾ അതാത് കരാറുകാരുടേയോ അവരവരുടെ പ്രതിനിധികളുടേയോ മുൻപാകെ തുറന്നു പരിശോധിക്കുന്നതും ലേല തുകയോ ദർഘാസ് തുകയോ ഏതാണ് കൂടുതലെങ്കിൽ കൂടുതലുള്ളത് താല്ക്കാലികമായി സ്ഥിതീകരിക്കുന്നതും എച്ച്.ഡി.സി. ചെയർമാന്റെ അംഗീകാരത്തിന് വിധേയമായി അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതുമായിർക്കും.

6. ദർഘാസിനോടൊപ്പം ഉചിത മാതൃകയിലുള്ള (ഓഫീസിൽ നിന്നും ലഭിക്കും) പ്രാഥമിക ഉടമ്പടി 200 രൂപയുടെ കേരള ഗവൺമെന്റ് മുദ്രപത്രത്തിൽ സമർപ്പിക്കേണ്ടതാണ്.

7. ദർഘാസ് സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി മൂന്ന് ദിവസത്തിനകം പ്രസ്തുത വ്യക്തി ഒരു വർഷത്തെ ദർഘാസ് ഉടമ്പടി പ്രകാരം **6 മാസത്തെ ലൈസൻസ് ഫീസിന് തുല്യമായ സംഖ്യ സെക്യൂരിറ്റി ഡെപ്പോസിറ്റ്** ആയി സൂപ്രണ്ടിന്റെ പേരിൽ കെട്ടിവെക്കേണ്ടതും നിബന്ധനയിൽ പതിനാറാം ഖണ്ഡിക അനുസരിച്ചുള്ള കരാറുടമ്പടി 03 ദിവസത്തിനകം സമർപ്പിക്കേണ്ടതുമാണ്. മേൽ പ്രകാരം കെട്ടിവെച്ച സംഖ്യ (പലിശയില്ലാതെ) ലൈസൻസുകാരൻ, മുറി ഒഴിഞ്ഞുപോകുമ്പോൾ ബാധ്യതകൾ കഴിച്ച്, ബാക്കി തിരിച്ചുകൊടുക്കുന്നതാണ്. ഡെപ്പോസിറ്റ് തുക സൂപ്രണ്ടിന്റെ പേരിൽ സ്വതന്ത്രമായി സ്വയം മാറിയെടുക്കാവുന്ന ഡിമന്റ് ഡ്രാഫ്റ്റ്/നാഷണൽ സേവിംഗ്സ് ഡെപ്പോസിറ്റ്, ട്രഷറി ഡെപ്പോസിറ്റ് ഇവയിൽ ഏതെങ്കിലുമായി സമർപ്പിക്കേണ്ടതാണ്. ടെണ്ടർ തുകയ്ക്ക് പുറമേ കറന്റ് ചാർജ്, വാട്ടർ ചാർജ്, എന്നിവയും ഓരോ മാസവും നാലാം പ്രവർത്തി ദിവസത്തിനുള്ളിൽ തന്നെ അടച്ച് രസീതി വാങ്ങേണ്ടതുമാണ്. ഇതിൽ വാടക മുൻകൂറായി അടയ്ക്കേണ്ടതാണ്. വെള്ളം, വൈദ്യുതി എന്നിവ തടസ്സപ്പെടുകയാണെങ്കിൽ ആയത് ലൈസൻസി സ്വന്തം ചിലവിൽ ഉത്തരവാദിത്തത്തോടെ ഏർപ്പെടുത്തി കാന്റീൻ മുടക്കം വരാത്ത രീതിയിൽ പ്രവർത്തിക്കേണ്ടതാണ്.

8. സ്റ്റാഫ് കാന്റീനിൽ നിന്ന് ആശുപത്രി ജീവനക്കാർ, ആശുപത്രിയിൽ പരിശീലനത്തിന് വരുന്ന ഡോക്ടർമാർ, വിദ്യാർത്ഥി/വിദ്യാർത്ഥിനികൾ, വിവിധ ട്രെയിനിംഗിനു വരുന്ന ആരോഗ്യ വകുപ്പ് ജീവനക്കാർ, സൂപ്രണ്ട് നിയമിക്കുന്ന താല്ക്കാലിക ജീവനക്കാർ, കരാർ ജീവനക്കാർ, എച്ച്.ഡി.സി. ജീവനക്കാർ എന്നിവർക്ക് സൂപ്രണ്ട് ആശുപത്രി സ്റ്റാഫ് കൗൺസിൽ നിശ്ചയിക്കുന്ന സഹായ നിരക്കിൽ ഭക്ഷ്യവസ്തുക്കൾ നല്കുവാൻ ലൈസൻസുകാരൻ ബാധ്യസ്ഥനാണ് ദർഘാസിന്റെ കാലയളവിൽ യാതൊരു കാരണവശാലും ഈ നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതല്ല.

9. ടെണ്ടർ സ്ഥിരപ്പെടുത്തിയ ഉത്തരവ് ലഭിച്ച ഉടനെ കാന്റീൻ നടത്തിപ്പ് തുടങ്ങുന്നതിനു മുൻപായി ആയതിന് ആവശ്യമായ പി.എഫ്.എ. ലൈസൻസ്, മറ്റു അനുബന്ധ രേഖകൾ ...

ശേഷമേ കാന്റീൻ തുറന്ന് പ്രവർത്തിക്കുവാൻ പാടുള്ളൂ. ഒരാഴ്ചയ്ക്കകം സാക്ഷ്യപ്പെടുത്തിയ കോപ്പി സൂപ്രണ്ടിന് നല്കേണ്ടതാണ്.

10. സ്റ്റാഫ് കാന്റീൻ നടത്തിപ്പിനാവശ്യമായ പാത്രങ്ങൾ, ഫർണിച്ചറുകൾ മുതലായ എല്ലാ സാധനങ്ങളും ലൈസൻസുകാരൻ സ്വന്തം നിലയ്ക്ക് ഏർപ്പാടാക്കേണ്ടതാണ്. പാകം ചെയ്ത ഭക്ഷണ സാധനങ്ങളുടെ അളവും, ഗുണനിലവാരവും എല്ലായ്പ്പോഴും നിലനിർത്തേണ്ടതും, വൃത്തിയുള്ള പാത്രത്തിൽ അടച്ച് സൂക്ഷിക്കേണ്ടതുമാണ്. വൃത്തിയില്ലാതെ സൂക്ഷിച്ചതും പഴയതുമായ പാകം ചെയ്ത ഭക്ഷ്യ വസ്തുക്കൾ, ആശുപത്രി അധികൃതരുടെ ശ്രദ്ധയിൽ പെട്ടാൽ ഇവ നശിപ്പിക്കുന്നതും നിയമ നടപടി സ്വീകരിക്കുന്നതുമായിരിക്കും.
11. സൂപ്രണ്ടിന്റെ രേഖാമൂലമുള്ള അനുമതി വാങ്ങിക്കാതെ യാതൊരുവിധ മരാമത്ത് പണികളോ മറ്റോ നടത്താൻ പാടുള്ളതല്ല.
12. ആശുപത്രിയുടേയും സർക്കാരിന്റെയും താല്പര്യങ്ങൾക്കും സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിനും വിരുദ്ധമായ യാതൊരു നടപടിയും, കാന്റീൻ ലൈസൻസുകാരിനിൽ നിന്നും ഉണ്ടാവാൻ പാടുതള്ളതല്ല. ആശുപത്രി സൂപ്രണ്ട്/ആഫീസ് അധികൃതർ ആവശ്യപ്പെടുന്ന പക്ഷം കരാറുകാരൻ ഓഫീസിൽ ഹാജരാകേണ്ടതാണ്.
13. കാന്റീൻ പ്രവർത്തന ഫലമായുണ്ടാകുന്ന ചപ്പുചവറുകൾ പാഴ്വസ്തുക്കൾ, പുറം തള്ളുന്ന ജലം, എന്നിവ അതാത് ദിവസം സമയാസമയം സ്വന്തം ചിലവിൽ ലൈസൻസുകാരൻ ആശുപത്രി കോമ്പൗണ്ടിൽ നിന്നും നീക്കം ചെയ്യേണ്ടതും കാന്റീൻ വളരെ വൃത്തിയോടെ സൂക്ഷിക്കേണ്ടതുമാണ്. കാന്റീൻ നടത്തിപ്പ സംബന്ധിച്ച് ആശുപത്രി അധികൃതരോ പൊതുജനാരോഗ്യ വകുപ്പ് അധികൃതരോ കോർപ്പറേഷൻ അധികൃതരോ ഇതുമായി ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരോ ചൂണ്ടിക്കാണിക്കുന്ന പോരായ്മകൾക്ക് ലൈസൻസുകാരൻ ഉത്തരവാദിയായിരിക്കും. അധികൃതർ നടപ്പിലാക്കുന്ന ശിക്ഷണ നടപടികൾക്ക് ലൈസൻസുകാരൻ വിധേയനായിരിക്കുന്നതുമാണ്. ഇത് മൂലം സർക്കാറിനുണ്ടാകുന്ന എല്ലാ നഷ്ടവും കരാറുകാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും.
14. നിർദ്ദിഷ്ട ഭക്ഷ്യവസ്തുക്കളല്ലാതെ യാതൊരുവിധ വസ്തുക്കളും കാന്റീനിൽ വില്പനയ്ക്ക് വെക്കുവാൻ പാടുള്ളതല്ല. ആശുപത്രി അധികൃതർ അങ്ങനെ വല്ലതും കാണുന്ന പക്ഷം ദർഘാസ് കാലാവധി തീരുന്നതിനുമുൻപ് യാതൊരരിയിപ്പും കൂടാതെ ലൈസൻസ് ക്യാൻസൽ ചെയ്യുന്നതായിരിക്കും.
15. വില്പന നടത്തുന്ന എല്ലാ ഭക്ഷണ സാധനങ്ങളുടേയും വില വ്യക്തമായി ബോർഡിൽ (മലയാളത്തിലും/ഇംഗ്ലീഷിലും) പ്രദർശിപ്പിക്കേണ്ടതും അധികം തുക ഈടാക്കാൻ പാടില്ലാത്തതും ഗുണനിലവാരം ഉറപ്പ് വരുത്തേണ്ടതുമാണ്.
16. കാന്റീൻ നടത്തുവാൻ സ്ഥലം അനുവദിച്ചുകിട്ടുന്ന വ്യക്തി സ്വന്തം ചിലവിൽ താഴെ ഒപ്പിട്ടിരിക്കുന്നവർ നിശ്ചയിക്കുന്ന വിധം 200/- രൂപ കേരള ഗവണ്മെന്റ് മുദ്രപത്രത്തിൽ മതിയായ ജാമ്യത്തോട് കൂടി ഒരു കരാറുടമ്പടി പത്രം എഴുതി ഏഴു ദിവസത്തിനകം ഹാജരാക്കേണ്ടതാണ്.
17. ദർഘാസ് സ്ഥിരപ്പെടുത്തിയ ശേഷം ലൈസൻസി, ഓരോ മാസത്തേയും ലൈസൻസ് ഫീസും, 5% സർവീസ് ചാർജും മുൻകൂറായി ആശുപത്രി ഓഫീസിൽ നാലാമത്തെ പ്രവർത്തി ദിവസത്തിന് മുൻപായി അടച്ച് രശീതി വാങ്ങേണ്ടതാണ്. വീഴ്ച വരുത്തുന്ന തീയതി മുതൽ പണം അടക്കുന്ന തീയതി വരെയുള്ള കാലത്തേയ്ക്ക് 20% നിരക്കിൽ പലിശയോടുകൂടി പണം അടയ്ക്കേണതാണ്. ഇങ്ങനെ ഒരു മാസത്തിലധികം വീഴ്ച വരുത്തിയാൽ നോട്ടീസ് നല്കി മുറി ഒഴിപ്പിച്ചെടുക്കുവാൻ സൂപ്രണ്ടിന്/സർക്കാരിന്

18. കാന്റീൻ നടത്തിപ്പിന് താല്ക്കാലികമായി എഗ്രിമെൻറ് കാലാവധിയിൽ മാത്രം കൈവശം ലഭിക്കുന്ന കെട്ടിടത്തിൽ രേഖാമൂലമുള്ള അനുമതി ലഭിക്കാതെ യാതൊരു ഭേദഗതിയും വരുത്താൻ ലൈസൻസുകാരന് അധികാരമുണ്ടായിരിക്കുന്നതല്ല.
19. അനുവദിക്കുന്ന കെട്ടിടത്തിലെ ഷട്ടറുകൾ, സാനിറ്ററി ഇലക്ട്രിക് ഫിറ്റിംഗുസുകൾ മുതലായവ നല്ല നിലയിൽ സൂക്ഷിക്കേണ്ടതും നഷ്ടം സംഭവിച്ചാൽ ലൈസൻസുകാരനിൽ നിന്നും തുക വസൂലാക്കുന്നതുമാണ്.
20. ലൈസൻസ് ഫീസ് ബാക്കി വെച്ചുകൊണ്ടോ മറ്റു നിബന്ധനകൾ ലൈസൻസുകാരൻ പാലിക്കാത്തത് കൊണ്ടോ സർക്കാരിന് ഉണ്ടാകുന്ന എല്ല നഷ്ടങ്ങളും സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും പിരിച്ചെടുക്കുന്നതും പോരാതെ വരുന്ന സംഖ്യ റവന്യൂ റിക്കവറി നടപടി മുഖേന ഈടാക്കുന്നതുമാണ്.
21. കാന്റീൻ നടത്തിപ്പുവഴി ആശുപത്രി അധീനതയിലുള്ള വസ്തുക്കൾക്ക് കഷ്ടനഷ്ടങ്ങൾ സംഭവിച്ചാൽ അതിനുള്ള നഷ്ടപരിഹാരം നല്കാൻ ലൈസൻസി ബാദ്ധ്യസ്ഥനാണ്.
22. കൈവശം ലഭിക്കുന്ന കെട്ടിടമോ മറ്റു ഭാഗങ്ങളോ കൈമാറ്റം ചെയ്യുവാൻ അധികാരമോ അവകാശമോ ഇല്ല.
23. അനുവദിക്കുന്ന കെട്ടിടം, കാന്റീൻ നടത്തുവാൻ അല്ലാതെ മാറ്റ് യാതൊരു ആവശ്യത്തിനും ഉപയോഗിക്കുവാൻ ലൈസൻസുകാരന് അധികാരമുണ്ടായിരിക്കുന്നതല്ല.
24. നിശ്ചിത കാലാവധിക്കുള്ളിൽ ലൈസൻസി മരണപ്പെടുകയാണെങ്കിൽ അടുത്ത അവകാശികൾക്ക് അപേക്ഷയുടെയും നിലവിലെ വ്യവസ്ഥകൾക്കും വിധേയമായി ആശുപത്രി മേലധികാരി മുറി കൈമാറ്റം ചെയ്യുന്നതാണ്. ഇതിനായി ലൈസൻസുകാരൻ മരണപ്പെട്ടതിനു ശേഷം ഒരു മാസത്തിനകം അപേക്ഷ ലഭിച്ചിരിക്കേണ്ടതും നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം അവകാശി ഉടമ്പടി നൽകേണ്ടതുമാണ്.
25. ലൈസൻസി വികസന സമിതിയ്ക്ക്/സർക്കാരിന് അടക്കുവാനുള്ള സംഖ്യ നിശ്ചിത സമയത്ത് അടക്കാതെ വീഴ്ച വരുത്തിയാൽ ലൈസൻസ് റദ്ദ് ചെയ്ത് കെട്ടിടം ഏറ്റെടുക്കേണ്ടി വരുന്ന സാഹചര്യത്തിൽ ഉണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും ലൈസൻസി ഉത്തരവാദിയായിരിക്കുന്നതാണ്. ഇത്തരത്തിലുള്ള യാതൊരു നഷ്ടത്തിനും ചിലവുകൾക്കും സർക്കാർ യാതൊരു കാരണവശാലും ഉത്തരവാദിയായിരിക്കുകയില്ല.
26. ലൈസൻസി കാലാവധിക്കുള്ളിൽ കെട്ടിടം ഒഴിഞ്ഞുപോവുകയോ, കെട്ടിടം വികസന സമിതി/സർക്കാരിന് ഏറെറടുക്കേണ്ടിവരികയോ ചെയ്യുന്ന പക്ഷം ഉണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും ലൈസൻസി ഉത്തരവാദിയായിരിക്കും.ഇതുമൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം ഈടാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ താഴെ ഒപ്പിട്ടവർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
27. ലൈസൻസിക്ക് കെട്ടിടം ആവശ്യമില്ലെങ്കിൽ ആ വിവരം നൽകിക്കൊണ്ട് മൂന്ന് മാസം മുൻപ് ആശുപത്രി മേലധികാരിയ്ക്ക് നോട്ടീസ് നൽകേണ്ടതാണ്. ഇത് മൂലം സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് ലൈസൻസിൽ നിന്നും ഈടാക്കുന്നതാണ്.
28. കാന്റീൻ തുടർച്ചയായി എല്ലാ ദിവസവും തുറന്ന് പ്രവർത്തിക്കേണ്ടതാണ്.
29. ദർഘാസ് സമർപ്പിക്കുന്നവർ അവരുടെ മേൽ വിലാസം തെളിയിക്കുന്നതിന് സാക്ഷ്യപ്പെടുത്തിയ ഇലക്ഷൻ തിരിച്ചറിയർ കാർഡ്/പാസ്പോർട്ട്/ഡ്രൈവിംഗ്

30. പാൻ കാർഡിന്റെ കോപ്പി ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

31. കാരണം കാണിക്കാതെ തന്നെ ദർഘാസ് മാറ്റിവെക്കാനും ദുർബലപ്പെടുത്തുവാനുമുള്ള പൂർണ്ണ അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമാണ്.

കൂടുതൽ വിവരങ്ങൾ ആശുപത്രി ഓഫീസിൽ പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് അന്വേഷിച്ചാൽ അറിയാവുന്നതാണ്.

GOVT. MENTAL HEALTH CENTRE KOZHIKODE - 16

സൂപ്രണ്ട്
സർക്കാർ മാനസികാരോഗ്യ കേന്ദ്രം
കോഴിക്കോട്